കാലടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എക്സ്റേ യൂണിറ്റ്

103 (449) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കാലടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നതിനായി 19-4-2013-ൽ ആസ്തിവികസന പദ്ധതിയിൽ നിന്നും 25 ലക്ഷം രൂപ അനുവദിച്ചിട്ടും പ്രസ്തുത എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ ;

(ബി) ടി പ്രവൃത്തിയുടെ അടിയന്തര സ്വഭാവവും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ കാലാവധി അവസാനിച്ച സാഹചര്യങ്ങളും കണക്കിലെടുത്ത് എക്സ്റേ യൂണിറ്റ് സ്ഥാപിക്കുവാനാവശ്യമുള്ള 16,68,634 രൂപയ്ക്കുള്ള 2-2-2014-ലെ മുൻഗണന പട്ടികയിൽ പെടുത്തി നിർദ്ദേശിക്കപ്പെട്ട ലെറ്റർ ഓഫ് ക്രഡിറ്റ് അതിൽ നിന്നും മാറ്റി സ്പെഷ്യൽ ലെറ്റർ ഓഫ് ക്രഡിറ്റിലൂടെ തുക അടിയന്തരമായി അനുവദിക്കുന്നതിനായി പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നു 29-2-2015-ൽ സമർപ്പിച്ച കത്തിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 11-4-2001-ലെയും 18-10-2002-ലെയും സിസിസി 803/2000-ലെയും അനുബന്ധ കേസുകളിലെയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് ജലവിഭവ വകുപ്പുകളിലെ പ്രവൃത്തികൾ പൂർത്തിയാക്കിയ ഇനത്തിൽ കരാറുകാർക്ക് നൽകുവാനുള്ള തുക സംസ്ഥാന മുൻഗണന പ്രകാരമാണ് നൽകിവരുന്നത്. ആസ്തി വികസന പദ്ധതിപ്രകാരം പൂർത്തിയാക്കിയ പ്രവൃത്തികളുടെ ബില്ലുകളും ഇപ്രകാരമുള്ള സംസ്ഥാനതല മുൻഗണന ക്രമത്തിലാണ് മാറുന്നത്. കാലടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നതിനായി സമർപ്പിച്ച ബിൽ 2014 ഫെബ്രുവരി മാസത്തേക്കുള്ളതാണ്. 2013 ഡിസംബർ 31 വരെയുള്ള ബില്ലുകൾക്കാണ് ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുള്ളത്.

(ബി) മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട ബില്ല് സ്പെഷ്യൽ ലെറ്ററായി പരിഗണിച്ച് തുക നൽകുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ ലംഘനമാകുന്നതാണ്. സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 1704/2015/ധന. തീയതി 2-3-2015 പ്രകാരം 2014 ഫെബ്രുവരി മാസത്തെ ബില്ലുകൾക്ക് 2015 ജൂൺ മാസം 15-ാം തീയതി ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിക്കുന്നതാണ് എന്ന്

LIBRARY ARCHIVES Kerala Legislative Assembly